# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. എൻ. പത്മകുമാർ, .ഐ.എ.എസ്.)*

എൽ.ആർ.എൻ2/41489/2010 തീയതി: 19-03-2018

വിഷയം- ജീവനക്കാര്യം-ലാൻഡ് റവന്യൂ വകുപ്പ് ഡ്രൈവർ തസ്തികയിലെ റേഷ്യോ സ്ഥാനക്കയറ്റം ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന -
1) 26-02-2011 - ലെ ജി.ഒ.(പി) 85/2011/ഫിൻ നമ്പർ ഉത്തരവ്
2) 03-06-2013 ലെ ജി.ഒ. (എം.എസ്.) 267/2013/162/ഫിൻ. നമ്പർ സർക്കാർ ഉത്തരവ്.
3) 20-01-2016 ലെ ജി.ഒ.(പി) നം. 7/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
4) ഡ്രൈവർ തസ്തികയിലെ 30-06-2015 വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്
5) ഈ കാര്യാലയത്തിലെ 07-10-2015 - ലെ ഇതേ നമ്പർ നടപടിക്രമം.
6) ഈ കാര്യാലയത്തിലെ 31-10-2017 - ലെ ഇതേ നമ്പർ നടപടിക്രമം.

സൂചന (2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികകളുടെ അനുപാതം 1 : 1 : 1 : 1 ആയി ക്രമീകരിച്ചും സീനിയർ ഗ്രേഡ് തസ്തികയുടെ 10% സെലക്ഷൻ ഗ്രേഡ് നിലനിർത്തിയും സൂചന (4) അന്തിമ സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ് - I, ഗ്രേഡ് - II തസ്തികകളിലെ ഡ്രൈവർമാർക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. ചുവടെ പറയുന്ന സീനിയർ ഗ്രേഡ് ഡ്രൈവർമാരെ സൂചന (3) ശമ്പള പരിഷ്ക്കരണ ഉത്തരവിൽ വ്യവസ്ഥചെയ്തിട്ടുള്ള 27800- 59400 സ്കെയിലിൽ അവരുടെ പേരിനു നേരേ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർമാരായി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോരിറ്റി നമ്പർ (30-06-2002 വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ) | ജോലി ചെയ്യുന്ന ജില്ല | സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | പി. അഭയദേവ് | 140 | പാലക്കാട് | 01-01-2018 |
| 2 | ബെന്നി വർഗ്ഗീസ് | 143 | കോട്ടയം | 01-01-2018 |

ചുവടെ പറയുന്ന ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാരെ അവരുടെ പേരിനുനേരെ കാണിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ സൂചന (4) ൽ വ്യവസ്ഥചെയ്തിട്ടുള്ള 22200-48000 രൂപ ശമ്പളസ്കെയിലിൽ സീനിയർ ഗ്രേഡ് ഡ്രൈവർമാരായി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോരിറ്റി നമ്പർ (01-09-2010 മുതൽ 30-06-2013 വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്) | ജോലി ചെയ്യുന്ന ജില്ല | സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | പ്രമോദ് കുമാർ. എം | 5 | കണ്ണൂർ | 01-01-2018 |
| 2 | രാജേഷ്. എൻ. | 6 | പത്തനംതിട്ട | 01-01-2018 |

മുകളിൽ സൂചന ചെയ്ത ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാർക്ക് സ്ഥാനക്കയറ്റം അനുവദിച്ചതുവഴി ഡ്രൈവർ ഗ്രേഡ് ഫസ്റ്റ് തസ്തികയിൽ വന്നിട്ടുള്ള ഒഴിവിലേയ്ക്ക് ഡ്രൈവർ ഗ്രേഡ് സെക്കന്റ് തസ്തികയിൽ നിന്നും ചുവടെ പറയുന്നവർക്ക് സൂചന (3) ശമ്പള പരിഷ്ക്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 20000 -45800 ശമ്പള സ്കെയിലിൽ ഡ്രൈവർ ഗ്രേഡ് ഫസ്റ്റ് ആയി അവരുടെ പേരിന് നേരേ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോരിറ്റി നമ്പർ (01-09-2010 മുതൽ 30-06-2013 വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ) | ജോലി ചെയ്യുന്ന ജില്ല | സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | ഷിഹാബുദ്ദീൻ അലിക്കപ്പറമ്പിൽ | 52 | മലപ്പുറം | 01-01-2018 |
| 2 | റഫീക്ക് വി.ബി. | 53 | ഇടുക്കി | 01-01-2018 |

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ/ഓഫീസ് മേധാവികൾ ടി ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചു നൽകിയിട്ടുള്ള പ്രാബല്യതീയതി മുതൽ റേഷ്യോ സ്ഥാനക്കയറ്റം നടപ്പിലാക്കി സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഫസ്റ്റ് ഗ്രേഡ് എന്നീ തസ്തികയിലുള്ള ശമ്പളം പുനർ നിർണ്ണയിച്ച് സേവന പുസ്തകത്തിൽ മതിയായ രേഖപ്പെടുത്തലുകൾ ചേർത്ത് വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

ബന്ധപ്പെട്ട വ്യക്തികൾക്ക്
(ജില്ലാ കളക്ടർ മുഖാന്തിരം)
പകർപ്പ് :

1) ജില്ലാ കളക്ടർ, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കണ്ണൂർ
2) ലാൻഡ് റവന്യൂ കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സി. എ-മാർക്ക്
3) സീനിയോറിറ്റി വിഭാഗം
4) ഐ.ടി. സെൽ
5) മെമ്മോ ഫയൽ/അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്